# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **130/2026** തിരുവനന്തപുരം, തീയതി : **24/06/2026**

## പത്രക്കുറിപ്പ്

### കേരള സർവകലാശാല പഠന ഗവേഷണ വകുപ്പുകളിൽ പി.ജി. അഡ്മിഷൻ - ആദ്യഘട്ട പ്രവേശനം - 2026

കേരള സർവകലാശാലയിലെ പഠന ഗവേഷണ വകുപ്പുകളിൽ എംഎ, എംഎസ്‌സി, എംടെക്, എംസിജെ, എംകോം, എംലിബ്ഐഎസ്‌സി, എൽഎൽഎം, എംഎസ്ഡബ്ല്യൂ, എംഎഡ്, എന്നീ പ്രോഗ്രാമുകളിലേക്കുള്ള ആദ്യഘട്ട പ്രവേശനം 2026 ജൂൺ 30 (ചൊവ്വാഴ്ച) അതാത് പഠന ഗവേഷണ വകുപ്പുകളിലായി നടക്കും. ആദ്യഘട്ട അലോട്ട്മെന്റിനായി ഹാജരാകേണ്ട വിദ്യാർത്ഥികൾ അവരുടെ അഡ്മിഷൻ പ്രൊഫൈലിൽ നിന്ന് അഡ്മിഷൻ മെമ്മോ ഡൗൺലോഡ് ചെയ്ത് ആവശ്യമായ രേഖകളോടുകൂടി നിശ്ചിത സമയത്ത് ഹാജരാകണം. വിശദവിവരങ്ങൾക്ക്: ഫോൺ: 0471 2308328, മൊബൈൽ: 9188524612, ഇ-മെയിൽ : **csspghelp2026@gmail.com**.

### കേരള സർവകലാശാല
### ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം - 2026
### ബിഎ മ്യൂസിക് (വോക്കൽ) കോഴ്സുകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിഎ മ്യൂസിക് (വോക്കൽ) കോഴ്സിലേക്കുള്ള പ്രവേശനത്തിനായി നടത്തിയ അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് സർവകലാശാലയുടെ അഡ്മിഷൻ വെബ്സൈറ്റിൽ (**https://admissions.keralauniversity.ac.in/fyugp**2026) പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലിസ്റ്റ് ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അഡ്മിഷൻ പോർട്ടൽ സന്ദർശിക്കുക. ഹെൽപ്പ് ലൈൻ നമ്പർ: 8281883052 **(Whatsapp also)**

### കേരള സർവകലാശാല
### ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം - 2026
### സ്പോർട്സ് ക്വാട്ട അഡ്മിഷൻ
### സർട്ടിഫിക്കറ്റ് പുനഃപരിശോധനക്ക് അവസരം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദ കോഴ്സുകളിലെ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിലേക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. സ്പോർട്സ് ക്വാട്ട ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്ക് അപേക്ഷാ നമ്പറും പാസ്സ്‌വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ

ലോഗിൻ ചെയ്ത് വെരിഫിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്. (https://admissions.keralauniversity.ac.in/fyugp2026).

സർട്ടിഫിക്കറ്റ് **"Reject"** ആയ വിദ്യാർത്ഥികൾക്ക്, നിലവിൽ അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെ ന്യൂനത പരിഹരിച്ച് 24.06.2026, വൈകിട്ട് 5 മണി വരെ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന പരാതികൾ പരിഗണിച്ചതിന് ശേഷം ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. 24.06.2026, വൈകിട്ട് 5 മണിക്ക് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പരാതികൾ സർവകലാശാല യിലേക്ക് നേരിട്ടോ ഇ-മെയിൽ മുഖേനയോ അയയ്‌ക്കേണ്ടതില്ല.
ഹെൽപ്പ് ലൈൻ നമ്പർ: 8281883052 **(Whatsapp also)**

## കേരള സർവകലാശാല സ്‌പെഷ്യൽ സെനറ്റ് മീറ്റിംഗ് മാറ്റിവച്ചു

2026, ജൂൺ 26 വെള്ളിയാഴ്ച നടത്താൻ നിശ്ചയിച്ചിരുന്ന കേരള സർവകലാശാല സ്‌പെഷ്യൽ സെനറ്റ് മീറ്റിംഗ് അന്നേ ദിനം സർക്കാർ അവധി പ്രഖ്യാപിച്ചതിനാൽ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

## പരീക്ഷാ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2026 ജൂൺ 26 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽഎൽബി (ത്രിവത്സര) ഡിഗ്രി പരീക്ഷ 2026 ജൂലൈ 01 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. മറ്റ് ദിവസങ്ങളിലെ പരീക്ഷകൾക്കും പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

## പരീക്ഷാഫലം

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 2026 ജൂലൈ 02 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2026 ജനുവരിയിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ എംകോം (ഇപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2023 അഡ്മിഷൻ, സപ്ലിമെന്ററി - 2021 & 2022 അഡ്മിഷൻ, മേഴ്സിചാൻസ് (2017 - 2020 അഡ്മിഷൻ വരെ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2026 ജൂലൈ 04 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ നാലാം സെമസ്റ്റർ ബിടെക് (2018 സ്കീം - സപ്ലിമെന്ററി - 2019

അഡ്മിഷൻ, മേഴ്സിചാൻസ് - 2018 അഡ്മിഷൻ), ജൂലൈ 2026 പരീക്ഷാവിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ആഗസ്റ്റ് 03 ന് ആരംഭിക്കുന്ന ഒന്നാം വർഷ ബിബിഎ ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**